## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 562 — 27.9.2011-ൽ മറുപടിക്ക്

### സംസ്ഥാനത്തെ മാലിന്യ പ്രശ്നം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ്<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ മാലിന്യപ്രശ്നം പരിഹരിക്കുവാൻ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | എ) 1994ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്, 1994ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് ഇവ പ്രകാരം യഥാക്രമം ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം ശേഖരിച്ച്,പരിസ്ഥിതിക്കും മനുഷ്യർക്കും ദോഷകരമല്ലാത്ത രീതിയിൽ സംസ്ക്കരിച്ച് നിർമ്മാർജ്ജനം ചെയ്യുക എന്ന ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. കൂടാതെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം ചെയ്തിട്ടുള്ള 2000-ലെ നഗര ഖരമാലിന്യ (കൈകാര്യ പരിപാലന) ചട്ടങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനാതിർത്തിയിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങളുടെ ശേഖരണം, പരിവഹണം, സംസ്ക്കരണം, നിർമ്മാർജ്ജനം എന്നീ ചുമതലകൾ നിർവഹിക്കേണ്ടതും പ്രാദേശിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ചുമതലയാണ്. ഇതിലേക്കായി ആവശ്യമായ സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷൻ മുഖാന്തിരം സർക്കാർ നൽകി വരുന്നു. |

| | |
|---|---|
| ബി) ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായം സംസ്ഥാനത്തിനു ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | ബി) ലഭിക്കുന്നുണ്ട്.<br><br>ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് പ്രോജക്ട് തുകയുടെ 60%മോ പരമാവധി 7.5 ലക്ഷം രൂപയോ നൽകി വരുന്നു. കൂടാതെ, പഞ്ചായത്ത്പ്രദേശങ്ങളിലെ വീടുകളിൽ സ്ഥാപിക്കുന്ന റിംഗ് കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയുടെ യൂണിറ്റ് നിരക്കിന്റെ 50% വരെയുള്ള തുക സാമ്പത്തിക സഹായം നൽകി വരുന്നു. ഒരു വാർഡിനേയോ ഒന്നിൽ കൂടുതൽ വാർഡുകളേയോ മാലിന്യ മുക്ത വാർഡുകളാക്കി മാറ്റുന്നതിന് എല്ലാ വീടുകളിലും, സ്ഥാപനങ്ങളിലും ഖരമാലിന്യ സംസ്കരണം ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴിയാണ് പ്രോത്സാഹനം നൽകുന്നത്.<br>കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതി വഴിയാണ് ഇപ്രകാരം സബ്സിഡി നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ